# 4

# സഭയുടെ ഉദ്ദേശത്തിനു പുറത്ത് ജീവിക്കുന്നവരെ കുറിച്ച് വിവരിക്കൽ

## (2:1– 3)

സഭയിലേക്ക് പ്രവേശിക്കുവാനുള്ള രക്ഷയെ കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശത്തിനു പുറത്തു ജീവിക്കുന്നവരുടെ ദുഃഖകരമായ അവസ്ഥയെ കുറിച്ച് പൗലൊസ് പറയുവാൻ തുടങ്ങി. 2:1–3-ൽ, ക്രിസ്തുവിനെ അറിയുന്നതിനു മുമ്പുള്ള എഫെസ്യരുടെ അവസ്ഥയെ പൗലൊസ് അവരെ ഓർപ്പിക്കുന്നു.

### പാപത്തിൽ മരിച്ചിരുന്നു (2:1)

**[1]"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു"** (2:1)

**വാക്യം 1.** "അതിക്രമങ്ങൾ," "പാപങ്ങൾ" എന്നിവ നാമങ്ങളും "ലംഘനങ്ങൾ" പര്യായവുമാണ്. ആ വാക്കുകൾ വിവിധ രൂപത്തിൽ റോമർ 5:12–21 ലും കൊലൊ. 1:14; 2:13 ലും (ഏകവചനത്തിലും ബഹുവചനത്തിലും) കാണാം. "പാപം എന്നു ഏകവചനത്തിൽ പറയുമ്പോൾ അത് മനുഷ്യകുടുംബത്തിൽ പാപത്തിന്റെ ശക്തി ചെലുത്തുന്ന സ്വാധീനത്തെയാണ് കാണിക്കുന്നത് (റോമർ 5–7 നോക്കുക); എന്നാൽ ജനങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ ചെയ്യുന്ന പാപപ്രവൃത്തികളെയാണ് ഈ വേദഭാഗത്തിൽ ബഹുവചനരൂപത്തിൽ പറഞ്ഞിരിക്കുന്നത്.

**പാപങ്ങൾ** എന്ന വാക്ക് തർജിമ ചെയ്ത ഗ്രീക്ക് വാക്ക് *ഹാമർടിയായി* (*ഹാമർടിയാ* യിൽനിന്നുള്ളത്), അർത്ഥം "ഉന്നം തെറ്റുക"[1] എന്നാണ്. ഒരു വില്ലാളി ഉന്നം വെച്ച് അമ്പ് എയ്യുമ്പോൾ, ലക്ഷ്യം തെറ്റുന്ന ചിത്രമാണ് ഇവിടെ കാണിക്കുന്നത്, ഒന്നുകിൽ ഇടത്തോട്ടോ അല്ലെങ്കിൽ വലത്തോട്ടോ മാറും, അതല്ലെങ്കിൽ ലക്ഷ്യസ്ഥാനത്ത് എത്താതെ പോകുന്നതാണ്. അയാൾ അവസാനം പറയും, "എനിക്ക് ഉന്നം തെറ്റി." പുതിയ നിയമത്തിൽ "പാപ" ത്തിനു സാധാരണ കാണുന്ന വാക്കാണ് ഇത്, ഗ്രീക്ക് വേദപുസ്തകത്തിൽ ആ വാക്ക് ഏകദേശം 175 പ്രാവശ്യം കാണാം.[2]

**അതിക്രമങ്ങൾ** എന്നതിനുള്ള ഗ്രീക്ക് നാമം *പാരാപ്ടോമാസിൻ* (*പാരാപ്ടോമാ* യിൽനിന്ന്). ആ വാക്കിന്റെ ക്രിയാരൂപം നിർവ്വചിച്ചിരിക്കുന്നത് "ഒരു വ്യക്തി അല്ലെങ്കിൽ സാധനം താഴെ വീഴുക, പുറം തിരിയുക, നേരായ പാതയിൽനിന്നു വ്യതിചലിക്കുക, അലഞ്ഞു തിരിയുക എന്നതാണ്"[3] ദൈവേഷ്ടമെന്ന ലക്ഷ്യസ്ഥാനത്തെത്താതെ എഫെസ്യർ ദൈവവചനത്തിൽനിന്ന് വ്യതിചലിച്ചു വീണുപോയിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത്. റേമർ

3:23 പഠിപ്പിക്കുന്നത് "ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു." മനുഷ്യന്റെ ഉദ്ദേശം ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ്, പക്ഷെ അത് നിറവേറ്റുവാൻ തടസമായിരിക്കുന്നത് അതിക്രമങ്ങളും പാപങ്ങളുമാണ്. എഫെസ്യർ ക്രിസ്തുവിൽ വിശ്വസ്തരും വിശുദ്ധരും ആകുന്നതിനു മുൻപ് മരിച്ചവരായിരുന്നു (1:1 നോക്കുക). ആ മരണം ഭൗതികമായിരുന്നില്ല, കാരണം അവർ ക്രിസ്തുവിൽ ആകുന്നതിനു മുൻപും പിൻപും ശാരീരികമായി ജീവിച്ചിരുന്നു. എങ്ങനെയായാലും, ക്രിസ്ത്യാനികളാകുന്നതിനു മുൻപ് ആത്മിയമായി മരിച്ചവരായിരുന്നു.

ആത്മിയമായി മരിക്കുക എന്നാൽ എന്താണ് അർത്ഥം? പുരാതന പ്രവാചകൻ പറഞ്ഞു, "നിങ്ങളുടെ അതിക്രമങ്ങളത്രെ നിങ്ങളെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്" (യെശ. 59:2). "അതിക്രമങ്ങൾ" എന്നതിനുള്ള എബ്രായ വാക്ക് ('*അവോൺ*) ഇർത്ഥം, "പാപം, തെറ്റ്, ... കുറ്റം"[4] പാപം ഒരു മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റുന്നു. "മരണം" "വേർപാടാണ്"–ഒരാളുടെ ശരീരത്തിൽനിന്ന് ആത്മാവ് വേർപിരിയുന്നതാണ് ഭൗതികമരണം (യാക്കൊ. 2:26). ഒരാൾ പാപം നിമിത്തം ദൈവത്തിൽനിന്നും അകലുന്നതാണ് ആത്മികമായ മരണം. അയാൾ ശാരീരികമായി ജീവിച്ചിരുന്നേക്കാം; അയാൾ ഭർത്താവായിരുന്നേക്കാം, ഉപജീവനത്തിനു ജോലി ചെയ്യുന്ന അപ്പനുമായിരുന്നേക്കാം–പാപത്തിൽ ജീവിക്കുന്നേടത്തോളം അയാൾ ദൈവവുമായുള്ള ബന്ധത്തിൽ മരിച്ചിരിക്കുന്നു. ഒരാൾ പാപത്തിൽ ജീവിച്ച്, പാപത്തിൽ മരിക്കുകയാണെങ്കിൽ, അയാൾ നിത്യമായി ദൈവത്തിൽനിന്നു വേ പെടുന്നു. "പാപത്തിന്റെ ശമ്പളം മരണമത്രെ ..." (റോമർ 6:23), അത് നിത്യമായ മരണമാണ്.

അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവർ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റു. പിന്നെ അവർ അവനോടുകൂടെ പാപങ്ങളിൽ നിന്നും മോചനം പ്രാപിച്ച് അവനോടുകൂടെ ഉയർത്തെഴുന്നേറ്റു (കൊലൊ. 2:12, 13 നോക്കുക). എഫെസ്യർ മരിച്ചവരായിരുന്നു; എന്നാൽ അവർ ആത്മിയമായി ജീവിച്ചവരായതുകൊണ്ടാണ് പൗലൊസ് അവർക്ക് എഴുതിയത്, ഈ അദ്ധ്യായത്തിലെ താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ അത് വ്യക്തമാക്കുന്നു. ക്രിസ്തുവിനെ ഉയർപ്പിച്ച് മഹത്വപ്പെടുത്തി പ്രദർശിപ്പിച്ച ശക്തി അതാണ് തെളിയിച്ചത്.

## ലോകത്തോടുകൂടി നടക്കൽ (2:2)

**2അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ച് നടന്നു.**

**വാക്യം 2**. എഫെസ്യർ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്നപ്പോൾ, **ഈ ലോകത്തിന്റെ കാലഗതിയനുസരിച്ച് നടന്നിരുന്നു**. ഗ്രീക്ക് ക്രിയ *പെരിപാറ്റെയോ* തർജിമ ചെയ്തതാണ് "നടന്നിരുന്നു" എന്ന വാക്ക്, അർത്ഥം, "ജീവിക്കുക, ഒരാളുടെ ജീവിതം നിയന്ത്രിക്കുക, ഒരാളുടെ സ്വഭാവം, ഒരാളുടെ പെരുമാറ്റ ക്രമീകരണം."[5]

"ഈ ലോകത്തിന്റെ കാലഗതി" എന്നു തർജിമ ചെയ്തിരിക്കുന്നത് *അയിയോൺ* എന്നും "ലോകം" തർജിമ ചെയ്തിരിക്കുന്നത് *കോസ്മോസ്* എന്നുമാണ്. *അയിയോൺ* "കാലം" അല്ലെങ്കിൽ "ഗതി"[6] എന്നാണ് അർത്ഥമാക്കുന്നത്.

*കോസ്മോസ്* എന്നു പറയുന്നത് ലോകത്തിൽ ജീവിക്കുന്ന ആളുകളെയാണ് പറയുന്നത്.[7] "കാലം," "ലോകം" എന്ന് ഈ സന്ദർഭത്തിൽ പറയുന്നത് ആ കാലത്ത് ദൈവേഷ്ടത്തിന് എതിരായി നിന്ന വ്യക്തിയെയാണ്. അത്തരം വ്യക്തി നീണ്ടുപോകയില്ല. ലോക നിലവാരത്തിനനുയോജ്യമായിട്ടായിരുന്നു എഫെസ്യർ മുൻപ് ജീവിച്ചിരുന്നത്, "അന്ന് സ്വജനപക്ഷവാദവും, അഴിമതിയു മുള്ള, മനുഷ്യന്റെ വീണുപോയ അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്, അത് എന്നേക്കുമുള്ള സ്വർഗരാജ്യത്തിനു നേരെ എതിരായിരന്നു."[8] അതിക്രമങ്ങളും പാപങ്ങളും നമ്മെ അധീനമാക്കാതിരിക്കേണ്ടതിന്നു ശ്രദ്ധിക്കുക എന്നതാണ് നമ്മിൽ നിന്നു വരേണ്ടത്.

**വാക്യം 2**. വാക്യത്തിലെ ശേഷിച്ച ഭാഗത്ത്, ദൈവത്തിന്റെ ഉദ്ദേശത്തിനു പറത്തു ജീവിക്കുന്നവരെ കുറിച്ച് മൂന്നു വസ്തുതകൾ പൗലൊസ് പറയുന്നു. അവർ ജീവിക്കുന്നത് ആകാശത്തിന്റെ അധികാരത്തിനനുസരിച്ചാണ്. അക്കാ ലത്ത് നിലനിന്നിരുന്ന "ആത്മാവിനും," "അധിപതിയായവനെയും" അനുസ രിച്ച് നടന്നു. അവർ "അനുസരണക്കേടിന്റെ മക്കളായിരുന്നു."

**ആകാശത്തിലെ അധികാരം ഉള്ള ആൾ** ആരാണ്? എഫെസ്യ ലേഖന ത്തിൽ, ദൈവപദ്ധതിക്കും മനുഷ്യരുടെ ക്ഷേമത്തിനും എതിരായ ശക്തികളെ പൗലൊസ് വിവരിക്കുന്നുണ്ട്. 6:12-ൽ, പൗലൊസ് പറഞ്ഞത്, "നമുക്ക് പോ രാട്ടം ഉള്ളത് വാഴ്ച്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനകളോടുമത്രെ." ആ ശക്തികൾക്കെല്ലാം പിന്നിൽ വ്യക്തിപരമായി ദുഷ്ടത പ്രവർത്തിക്കുന്ന "പി ശാചാണ്" (4:27; 6:11) "ദുഷ്ടൻ" എന്ന് അവനെ വിളിച്ചിരിക്കുന്നു (6:16). ആ ദുഷ്ട ശക്തിയെ "ഈ ലോകത്തിന്റെ ദൈവം" എന്നും വിളിച്ചിരിക്കുന്നു (2 കൊ. 4:4). "ആകാശത്തിലെ അധികാരം" എന്നു പറയുന്നത് സാത്താ നെയാണ്. "പ്രിൻസ്" എന്നു തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് നാമമായ *ആർച്ചോൺ* എന്ന വാക്കിൽനിന്നാണ്, അർത്ഥം, "വ്യക്തിയോ വസ്തുവോ ഒന്നാമത് ആകുക"[9] തന്റെ രാജ്യത്തിലെ ശക്തിയുള്ള പ്രഥമ വ്യക്തി അവ നാണ്. "*ശക്തി*" എന്ന വാക്ക് *എക്സൗസിയ* തർജിമ ചെയ്തിരിക്കുന്നതാണ്, അർത്ഥം "അധികാരം" വാക്യം 2-ൽ സൂചിപ്പിക്കുന്നത് സാത്താൻ വാഴുന്ന ഭൂതങ്ങളെയാണ്. രക്ഷിക്കപ്പെടാത്തവരെ ഉപയോഗിച്ച് ആത്മിയ പ്രതലത്തി ലുള്ള മനുഷ്യരെയാണ് സാത്താൻ ഇരയാക്കുന്നത്.

ഇവിടെ ഒരു ചോദ്യം ഉയരുന്നു: **ആത്മാവ്** എന്നു പറഞ്ഞിരിക്കുന്നത് എന്തിനെ അല്ലെങ്കിൽ ആരെയാണ്? "അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്നത്" സാത്താനാണോ? അതോ അത് സാത്താന് സ്വയം ഏൽപിച്ചു കൊടുത്ത മനഷ്യന്റെ ആത്മാവിനെയാണോ പറയുന്നത്? രണ്ടാമത്തേതാണ് ശരിയെന്നു തോന്നുന്നു. "ആകാശത്തിലെ അധികാരവും," "ആത്മാവും" സാത്താൻ ആണെങ്കിൽ, അത് അടിസ്ഥാന ഗ്രീക്ക് വ്യാകരണ ത്തിന് എതിരാകും.[10] "പ്രിൻസ്" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് ദ്വിതീയ വിഭക്തിയിലും, "ആത്മാവ്" ഉപയോഗിച്ചിരിക്കുന്നത് സംബന്ധികാ വിഭക്തി യായിട്ടുമാണ്. ഗ്രീക്ക് വ്യാകരണത്തിൽ, "ആത്മാവിനെ" "പ്രിൻസ്" എന്നു പ റയുകയാണെങ്കിലും രണ്ടും ഒരേ വിഭക്തിയിലായിരിക്കും. ഇവിടെ അങ്ങനെ അല്ലാത്തതുകൊണ്ട് പറഞ്ഞിരിക്കുന്നത് (1) "ആകാശത്തിലെ അധികാരവും" (2) "ആത്മാവും" രക്ഷിക്കപ്പെടാത്തവരാണ്.

സാത്താന്റെ സ്വാധീനത്തിലാകയാൽ, ദൈവത്തെ അറിയാത്തവരിൽ

മൽസരത്തിന്റെ ആത്മാവാണുള്ളത്. ഒരാളെ "സ്നേഹത്തിന്റെ ആത്മാവ്," "ദയയുടെ ആത്മാവു," "നന്മയുടെ ആത്മാവ്" ഉള്ളവൻ എന്നു പറയുമ്പോൾ, അയാളുടെ ജീവിതത്തിൽ സ്നേഹവും, ദയയും, നന്മയും സ്വഭാവത്തിന്റെ ഭാഗമാക്കിയിരിക്കുന്നു എന്നാണ് നാം മനസിലാക്കുന്നത്. അതുപോലെ, പ ൗലൊസ് "അനുസരണക്കേടിന്റെ മക്കളിൽ പ്രവർത്തിക്കുന്ന" ആത്മാവിനെ കുറിച്ചു പറയുമ്പോൾ, "ആകാശത്തിലെ അധികാരത്തിന്" അവർ തങ്ങളുടെ ആത്മാവ് ഏൽപിച്ച് രക്ഷിക്കപ്പെടാത്തവരുടെ സ്വഭാവത്തെയാണ് അവൻ അർത്ഥമാക്കുന്നത്. **അനുസരണക്കേടിന്റെ മക്കൾ** എന്നു പറയുന്നവർ അനു സരിക്കാതിരിക്കുന്ന സ്വഭാവമുള്ളവരാണ്. യാക്കൊബിനേയും യോഹന്നാനെ യും ഇടി "മക്കൾ" എന്നു വിളിച്ചതുപോലെയും (മർ. 3:17) ബർന്നബാസിനെ "പ്രബോധന പുത്രൻ" എന്നു വിളിച്ചതുപോലെയും ആണ് ഇവരെയും "മക്കൾ" എന്നു പറഞ്ഞിരിക്കുന്നത് (പ്രവൃ. 4:36). പരുഷവും കോപവുമുള്ള സ്വഭാവക്കാരെയായിരിക്കാം "ഇടി" എന്നു പറഞ്ഞിരിക്കുന്നത്. പ്രബോധിച്ചു കൊണ്ടിരിക്കുന്ന ആളെ "പ്രബോധന പുത്രൻ" എന്നു വിളിക്കും, ആ വിധ ത്തിൽ അനുസരിക്കാതെ ജീവിക്കുന്നവരെ "അനുസരണക്കേടിന്റെ" മക്കൾ എന്നും വിളിച്ചിരുന്നു.

"ആത്മാവ്," അനുസരണക്കേടിന്റെ മക്കളിൽ **വ്യാപരിച്ചിരുന്നു** എന്നാണ് പറയുന്നത്. "വ്യാപരിക്കുന്ന" എന്നതിന്റെ ഗ്രീക്ക് ക്രിയ *എനെർജെയോ*, സൂചി പ്പിക്കുന്നത് "പ്രവർത്തിക്കുന്ന" എന്നാണ്.[11] സാത്താന് അവരുടെ ഹൃദയങ്ങ ളിൽ പ്രവേശിക്കുവാൻ കഴിഞ്ഞതിനാലാണ് അനുസരണക്കേടിന്റെ മക്കളിൽ സ്വാധീനം ചെലുത്തുവാൻ അവനു കഴിഞ്ഞത്. ആ ആളുകൾ "അനുസരി ക്കാത്തവരായിരുന്നു," ആ വാക്ക് തർജിമ ചെയ്തത്, ഗ്രീക്ക് ക്രിയ *അപെയി തേയിയാ* ആണ്, അർത്ഥം "അനുനയിപ്പിക്കുവാൻ കഴിയാത്തവർ അഥവാ, വഴങ്ങാത്തവർ എന്നാണ്."[12] അവർ സാത്താനെ തങ്ങളുടെ ജീവിതം നിയ ന്ത്രിക്കുവാൻ അനുവദിച്ചതിനാൽ, അവർ സുവിശേഷം സ്വീകരിക്കാതിരുന്നു, അതുകൊണ്ട്, അവർ അതിനു വഴങ്ങാതിരിക്കുന്നു. പൗലൊസ് 2 കൊരിന്ത്യർ 4:4-ൽ പറഞ്ഞിരിക്കുന്നത്പോലെ, "... ക്രിസ്തുവിന്റെ തേജസുള്ള സുവിശേ ഷം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മന സ് കുരുടാക്കി വെച്ചിരിക്കുന്നു ..." സാത്താന്റെ ആധിപത്യത്തിലായതുകൊണ്ട് അവർ പൊതുവിൽ ദൈവേഷ്ടത്തെ അവഗണിക്കുകയാണ്.

ആ വാക്യം എഫെസ്യരേയും നമ്മെയും ഓർപ്പിക്കുന്നത് എന്തെന്നാൽ, ക്രിസ്തുവിനെ, സാത്താനെയടക്കം എല്ലാറ്റിനേയും കീഴ്പ്പെടുത്തി ദൈവം ഏറ്റവും ഉയർത്തിയിരിക്കുന്നു. എന്നാൽ സാത്താന്റെ ശക്തി വിസ്തൃതമായി ഒതുക്കിയിരിക്കുന്നു-പക്ഷെ അവരുടെ കഴിഞ്ഞകാലത്ത് ശക്തമായി അവരെ നിയന്ത്രിച്ചിരുന്ന സാത്താൻ-ഇപ്പോഴും അവരുടെ ശത്രുവാണെന്ന് പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു. അവൻ അനുസരിക്കാത്തവരിൽ പ്രവർത്തിച്ച് ന മുക്ക് ഭീഷണി തുടർന്നുകൊണ്ടാണിരിക്കുന്നത് (4:27; 6:10-20).

## മോഹത്തിൽ ജീവിക്കൽ (2:3)

**3അവരുടെ ഇടയിൽ നാം എല്ലാവരും നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുകൊണ്ട് മറ്റുള്ള വരെ പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു.**

**വാക്യം 3**. ദൈവത്തിന്റെ ഉദ്ദേശത്തിനു പുറത്തുള്ളവരെ കുറിച്ച് മറ്റൊരു വിവരണം നൽകിയിട്ടുണ്ട്. എഫെസ്യർ "ക്രിസ്തുയേശുവിൽ വിശുദ്ധരും വിശ്വസ്തരും" ആകുന്നതിനു മുമ്പ്, അവർ **പുറത്തുള്ളവരെ പോലെ** ആയിരുന്നു, അതായത്, "അനുസരണക്കേടിന്റെ മക്കൾ" (2:2). അവർ അങ്ങനെയായിരുന്നപ്പോൾ, സമൂഹത്തിന്റെ ഭാഗമായി തുടർച്ചയായ അനുസരണക്കേടിലായിരുന്നു ജീവിച്ചിരുന്നത്. പൗലൊസ് തന്നെയും ഉൾപ്പെടുത്തി പറഞ്ഞു, **നാം എല്ലാവരും മുമ്പ് അങ്ങനെ ജീവിച്ചിരുന്നു**. "ജീവിച്ചു" എന്നതിന്റെ ഗ്രീക്ക് ക്രിയ *അനസ്ട്രെഫോ* എന്നാണ്, അർത്ഥം, "ഒരാളുടെ പെരുമാറ്റം ക്രമപ്പെടുത്തുക."[13] "അനുസരണത്തിന്റെ മക്കൾ" ആയിരുന്നവർ പാപത്തിൽ അടിമപ്പെട്ട് അവർ പാപത്തിന്റെ "മക്കൾ" ആയി ജീവിച്ചിരുന്നു, പിന്നീട് അവർ തങ്ങളുടെ "പെരുമാറ്റം ക്രമപ്പെടുത്തി." മുൻപ്, അവർ **ജഡത്തി[ന്റെ] മോഹം അനുസരിച്ചാണ്** ജീവിച്ചത്. "മോഹം" എന്ന വാക്കിന്റെ ഗ്രീക്ക് നാമം, *എപിതുമിയ* പറയുന്നത് "എ പാഷനേറ്റ് ലോങ്ങിങ്, എ ക്രേവിങ്"[14] എന്നാണ്, അത്തരം ആഗ്രഹം സന്ദർഭം അനുസരിച്ച് നല്ലതോ അല്ലെങ്കിൽ മോശമോ ആകാം. ഈ സന്ദർഭത്തിൽ അത് മോശമായ വികാരമാണ്, കാരണം അത് "ജഡവുമായി" ബന്ധപ്പെട്ടതാണ്.

പുതിയ ക്രിസ്തീയ ജീവിതത്തിൽ ആത്മാവിന്റെ ഫലങ്ങളും ജഡത്തിന്റെ പ്രവർത്തികളും തമ്മിലുള്ള അന്തരം പൗലൊസ് പലപ്പോഴായി വ്യക്തമാക്കിയിട്ടുണ്ട് (ഗലാ. 5:16, 24; റോമർ 7:5; 13:14). "ജഡം" തർജ്ജിമ ചെയ്തിരിക്കുന്നത് (*സ്കാർക്സ്*) കാണിക്കുന്നത് "ഒരു വ്യക്തിയുടെ വെറും നിലനിൽപ് മാത്രമല്ല, ദൈവത്തിനെതിരായ അതിന്റെ പാപസ്വഭാവത്തെയും കാണിക്കുന്നു."[15] ഒരാൾ ജഡത്താൽ നിയന്ത്രിക്കപ്പെടുന്നേടത്തോളം, അയാൾക്ക് ദൈവത്തെ പ്രസാദിക്കുവാൻ സാധ്യമല്ല (റോമ. 8:8).

ജഡിക മോഹം അനുസരിച്ച് മാത്രമല്ല എഫെസ്യർ ജീവിച്ചിരുന്നത്, മറിച്ച് **ജഡിക മോഹവും മനോവികാരവും അനുസരിച്ചാണ്**. "ചെയ്തത്" (*പോയിയേയോ*) "ചെയ്യുക, അവതരിപ്പിക്കുക, നേടുക" എന്നാണ്.[16] ഈ അപൂർണ്ണക്രിയ വർത്തമാന കാലത്തിലാകയാൽ, ആ ആളുകൾ തങ്ങളുടെ പ്രവൃത്തികൾ തുടർന്നിരുന്നു എന്നർത്ഥം. "ഇഷ്ടം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*തെലേമാ*) പറയുന്നത് "വികാരങ്ങളിൽനിന്നുത്ഭവിക്കുന്ന ആഗ്രഹങ്ങളെയാണ്."[17] വിവേചനമില്ലാതെ വികാരപരമമായി പാപത്തിൽ ജീവിക്കുന്നവരെയാണ് പൗലൊസ് ഇവിടെ പറയുന്നത്. "ജഡത്തിന്" അധീനനാകുന്ന മനുഷ്യന്റെ "മനസ്" (*ഡയനോയിയ*) പോലും ദോഷമുള്ളതായി തീരും. ആ ആളുകൾ ചെയ്യുവാനായി കൊണ്ടുവന്നതിനെയാണ് പൗലൊസ് *ഡയാ* എന്ന വാക്ക് കൊണ്ടുദ്ദേശിക്കുന്നത്; അവർ എടുത്ത ഉറച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അങ്ങനെ ജീവിച്ചത്. ജഡിക മനസ് അനുസരണക്കേടിനായി ഉറപ്പിച്ചിരുന്നു. റോമർ 8:5-8-ൽ, ജഡത്തെ അനുസരിച്ച് ജീവിക്കുന്നവർ മരണത്തിൽ വസിച്ച് ദൈവത്തോട് ശത്രുതയിലാകുന്നു എന്നാണ് പൗലൊസ് പറഞ്ഞത്.

## കോപത്തിന്റെ മക്കൾ എന്നറിയപ്പെട്ടു
## (2:3)

**[3]മറ്റുള്ളവരെ പോലെ, അവരും കോപത്തിന്റെ മക്കളായിരുന്നു.**

**വാക്യം 3.** അനുസരിക്കാതിരിക്കുന്നവരെ കുറിച്ച് അവസാന വിവരണം നൽകിയിരിക്കുന്നു. എഫെസ്യർ ഒരിക്കൽ അനുസരണക്കേടിന്റെ മക്കളായിരുന്നതുപോലെ തന്നെ **കോപത്തിന്റെ മക്കളും ആയിരുന്നു**. ഇവിടെ പറഞ്ഞ "കോപം" ദൈവകോപമാണ്. ദൈവത്തോട് മൽസരിക്കുന്ന എല്ലാവരിലും അതുണ്ടാകും (റോമർ. 1:18). ദൈവത്തിന്റെ സ്വഭാവം തികച്ചും വിശുദ്ധമാണ്; അവന് പാപത്തെ ഒരിക്കലും അംഗീകരിപ്പാൻ സാധ്യമല്ല. അതിലുപരിയായി, പാപത്തെ ശിക്ഷിക്കുവാൻ ആവശ്യപ്പെടുന്നതാണ് അവന്റെ വിശുദ്ധി (റോമർ 6:23). പാപം ചെയ്യുന്ന എല്ലാവരും ദൈവത്തിന്റെ ന്യായമായ വിധിക്ക് അർഹരാണ്. യെഹൂദന്മാരെ കുറിച്ച് പൗലൊസ് പറഞ്ഞു, "എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്ക് നീ നിനക്കുതന്നെ കോപം ചരതിച്ചു വെക്കുന്നു" (റോമർ 2:5). ഏത് പാപവും ദൈവത്തിന്റെ വിശുദ്ധിക്ക് എതിരാണ്, അപ്പോൾ, അവന്റെ നീതി പാപത്തിന്മേൽ ന്യായവിധി നടത്തുകയും ചെയ്യും. **മറ്റുള്ളവരെ** പോലെ എന്നു പൗലൊസ് പറയുന്നത് എല്ലാവരെയും ഉൾപ്പെടുത്തിയാണ്-ക്രിസ്തുവിലായവരും ക്രിസ്തുവിലാകാത്തവരും, അതായത് കോപത്തിനു യോഗ്യരായി എന്നർത്ഥം. ഏങ്ങനെയായാലും, ക്രിസ്തുവിലായവർ (അവർ ഒരിക്കൽ ക്രിസ്തുവിനു പുറത്തായിരുന്നതിനാൽ ന്യായവിധിക്ക് യോഗ്യരായിരുന്നു), എന്നാൽ ഇപ്പോൾ അവർ [ക്രിസ്തു] മുഖാന്തരം "രക്ഷിക്കപ്പെട്ട് കോപത്തിൽനിന്ന് ഒഴിവുള്ളവരായി" (റോമർ 5:9).

മനുഷ്യർ **പ്രകൃതിയാൽ** ദൈവത്തിന്റെ കോപത്തിനും ന്യായവിധിക്കും അർഹരായി. *ഫുസിസ്* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് ആ പ്രയോഗം, അത് ഗലാത്യർ 2:15 ലും കാണാം, അവിടെ പൗലൊസ് പറയുന്നത് "യെഹൂദന്മാർ സ്വഭാവത്താൽ" എന്നാണ്, പിന്നീട് തിരഞ്ഞെടുക്കാതെ ജന്മനാ യെഹൂദരാണെന്ന് പറയുന്നു. ഈ സന്ദർഭത്തിൽ പറയുന്നത് നാം ജന്മനാ പാപം ചെയ്യുവാനായി ആദാമിന്റെ സ്വഭാവത്തോടുകൂടിയാണ് വരുന്നത് എന്നത്രെ. എങ്ങനെയായാലും, നാം പാപികളായിട്ടല്ല ജനിക്കുന്നത്; ആദാമിന്റെ ലംഘനത്തോടുകൂടിയാണ് നാം ജനിക്കുന്നത് എന്ന് തെറ്റായി ചിലർ പഠിപ്പിക്കുന്നുണ്ട്. യെഹെ. 18:20-ൽ, ദൈവം പറഞ്ഞു, "പാപം ചെയ്യുന്ന ദേഹി മരിക്കും; മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട, അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട ..." ആ വ്യത്യാസത്തെ ഇതിൽ കൂടുതൽ എങ്ങനെ വ്യക്തമാക്കുവാനാണ്?

ക്രിസ്തു എല്ലാവർക്കും വേണ്ടിയാണോ മരിച്ചത്? തീർച്ചയായും, അങ്ങനെ തന്നെയാണ്! പിന്നെ എല്ലാവരും എന്തുകൊണ്ട് രക്ഷിക്കപ്പെടുന്നില്ല? എല്ലാവരും സുവിശേഷം അനുസരിക്കുന്നില്ല എന്നതാണ് അതിനുള്ള ഉത്തരം. റോമർ 5:19-ൽ, പൗലൊസ് പറഞ്ഞു,"ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നതുപോലെ, ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായി തീരും." ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ, എല്ലാവരും *സാങ്കേതികമായി* നീതിമാന്മാരായി തീർന്നിരുന്നു. ഒരാൾ സുവിശേഷം അനുസരിക്കുമ്പോൾ, അയാൾ *വാസ്തവത്തിൽ* നീതിമാനായി തീർന്നു. അതുപോലെ, ഓരോ മനുഷ്യനിലും ആദാമിന്റെ സ്വഭാവം ഉണ്ട്, അതിനാൽ *സാങ്കേതികമായി* എല്ലാവരും പാപികളാണ്. എങ്ങനെയായാലും, നാം പാപത്തിന് ഉത്തരവാദികളാകുന്നത് *വാസ്തവത്തിൽ* നാം പാപം ചെയ്യുമ്പോഴാണ്. നമുക്കെല്ലാം ആദാമിന്റെ സ്വഭാവം ഉള്ളതുകൊണ്ട്, റോമർ 3:23 പറയുന്നതുപോ

ലെ നാം പാപം ചെയ്യുന്നു. നാം പാപം ചെയ്യുന്നത് തിരഞ്ഞെടുക്കുകയാലാണ് "കോപത്തിന്റെ മക്കൾ" ആകുന്നത്, ഉത്തരവാദിത്തമുള്ള ആർക്കും അതിൽനിന്ന് ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല.

ഈ ഭാഗത്ത് പൗലൊസ് പറയുന്നത്, എഫെസ്യർ *മുൻപ്* അങ്ങനെ ആയിരുന്നുവെങ്കിലും, അവർ "ക്രിസ്തുവിൽ വിശുദ്ധരും വിശ്വസ്തരുമായി" (1:1). അവന്റെ വിവരണം അന്നും ഇന്നും ദൈവത്തിന്റെ ഉദ്ദേശത്തിനു പുറത്തു ജീവിക്കുന്ന എല്ലാവർക്കും ബാധകമാണ്.

## പ്രായോഗികത

### ക്രൂശ് (അദ്ധ്യാ. 2)

ക്രിസ്തുവിന്റെ ക്രൂശിനെ കുറിച്ച് പ്രസംഗിക്കുവാനുള്ള മനോഹരമായ വേദഭാഗമാണ് എഫെസ്യർ 2. ക്രൂശിനോടനുബന്ധമായ ഉയർത്തെഴുന്നേൽപ്, ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ സംഭവമാണ്. മാനുഷിക വീക്ഷണത്തിൽ ക്രൂശ് പൂർണ്ണമായ പരാജയമായിരുന്നു. രണ്ടായിരം വർഷങ്ങൾക്ക് മുൻപ്, റോമൻ ക്രൂശിൽ മരിക്കുക എന്നത് ഒരു യെഹൂദ യുവാവിനെ സംബന്ധിച്ച് തെറ്റായ-മാർഗ-മായിരുന്നു. എങ്ങനെയായാലും, ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ, ക്രൂശ് വലിയ വിജയമായിരുന്നു. ക്രിസ്തുവിന്റെ യാഗം നടന്ന യാഗപീഠമായിരുന്നു ക്രൂശ്. നഷ്ടപ്പെട്ട ഭൂമിയിലെ മനുഷ്യർക്ക് സ്വർഗം തുറന്നു കൊടുത്തതായിരുന്നു അത്.

ഭൂതകാല നിത്യതയിൽ തന്നെ ദൈവമനസിൽ ഉണ്ടായിരുന്നതാണ് ക്രൂശ് (എഫെ. 3:10, 11; വെളി. 13:8 നോക്കുക). ഉൽപത്തി മുതൽ വെളിപ്പാട് വരെയുള്ള സംഭവങ്ങൾ കോർത്തിണക്കിയതായിരുന്നു അത്. ഹാബേലിന്റെ കുഞ്ഞാടിൽ ക്രിസ്തുവിന്റെ യാഗം ചിത്രീകരിച്ചിരുന്നു (ഉല്. 4:4), അബ്രഹാം യിസഹാക്കിനെ യാഗം കഴിച്ചതിലും (ഉല്. 22:1-18), പെസഹക്കുഞ്ഞാടിലും (പുറ. 12:3-14), മോശെ പിത്തള സർപ്പത്തെ കൊടിമരത്തിലുയർത്തിയതിലും (സംഖ്യ. 21:5-9), കൂടാതെ യെശയ്യാവിന്റെ കഷ്ടതയേൽക്കുന്ന ദാസനെ ചിത്രീകരിച്ചതിലും (യെശ. 53), യിസ്രായേലിന്റെ എല്ലാ യാഗങ്ങളിലും ആ ചിത്രീകരണം ഉണ്ടായിരുന്നു.

ക്രൂശ് ദൈവം ഉദ്ദേശിച്ചതും, പഴയനിയമ പ്രവാചകന്മാർ മുന്നറിയിച്ചതും, യേശു നോക്കി പാർത്തതും, അപ്പൊസ്തലന്മാർ പ്രസംഗിച്ചതുമായിരുന്നു. നഷ്ടപ്പെട്ട ലോകത്തിനുള്ള ഏക പ്രത്യാശ ക്രൂശിന്റെ സന്ദേശമാണ് (1 കൊ. 15:1-4 നോക്കുക).

### ക്രൂശിനടിയിൽ-നഷ്ടപ്പെട്ട മനുഷ്യർ (2:1-3)

"നിങ്ങളുടെ അകൃത്യങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്നു" (2:1); "എല്ലാവരും പാപം ചെയ്തു" (റോമ. 3:23); "നിങ്ങളെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിക്കുന്നു" (യെശ. 59:2); പാപം ആളുകളെ ദൈവത്തിൽനിന്നു വേർപെടുത്തും, ആ വേർപാട് മരണമാണ്. "മരണം" എന്ന വാക്കിന്റെ അടിസ്ഥാനപരമായ അർത്ഥം "വേർപാട്" എന്നാണ് (യാക്കൊ. 2:26). പാപത്തിൽ ജീവിക്കുന്നവർക്ക് ആത്മിയ ജീവനില്ല, അവർക്ക് നിത്യ മരണമാണ് വരുവാനുള്ളത് (റോമർ 6:23).

ജേയ് ലോക്ഹാർട്ട്

കുറിപ്പുകൾ

[1]കെന്നെത്ത് എസ്, *വൂവെസ്റ്റ്, വൂവെസ്റ്റ്സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യു ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 60. [2]ജോർജ് വി. വിഗ്രാം, *ദ ഇംഗ്ലീഷ്മാൻസ് ഗ്രീക്ക് കൺകോർഡൻസ് ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, 9ത് എഡി. (ലണ്ടൻ സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, 1903), 33–34. [3]വൂവെസ്റ്റ്, 60. [4]വാരെൻ ബേക്കർ, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ഓൾഡ്ടെസ്റ്റമെന്റ്* (ചറ്റനൂഗാ, ടെന്ന: ഏഎംജി പബ്ലിഷേഴ്സ്, 1994), 2348. [5]വൂവെസ്റ്റ്, 60–61. [6]സ്പിറോസ്, സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യു ടെസ്റ്റമമെന്റ്*, 2ഡ് എഡി. (ചറ്റനുഗാ. ടെന്ന: ഏഎംജി പബ്ലിഷേഴ്സ്, 1992), 882–83. [7]ഇബിഡ്., 929. [8]ആർ. സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ്. പോൾ'സ് എപ്പിസ്റ്റിൽസ് ടു ദ ഗലേഷ്യൻസ്, ടു ദ എഫെഷ്യൻസ്, ആന്റ് ടു ദ ഫിലിപ്പിയൻസ്* (കൊളംബസ്, ഒഹിയോ: വാർബർഗ് പ്രസ്, 1946; റീപ്രിന്റ്, മിന്നെപോലിസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1961), 408. [9]വൂവെസ്റ്റ്, 62. [10]എസ്. ഡി. എഫ്. സാൽമണ്ട്, "ദ എപ്പിസ്റ്റിൽ ടു ദ *എഫെഷ്യൻസ്*," ഇൻ *ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്*, എഡി. ഡബ്ലിയു. റോബർട്ട്സൺ നികോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:284.

[11]വൂവെസ്റ്റ്, 63. [12]ഇബിഡ്. [13]ഇബിഡ്. [14]ഇബിഡ്. [15]ആൻഡ്രൂ ടി. ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 98. [16]വൂവെസ്റ്റ്, 64. [17]ഇബിഡ്.